ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ-സി) നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ വിഷയവുമായി ബന്ധപ്പെട്ട ഭരണഘടനാ വകുപ്പുകൾ ചൂണ്ടിക്കാട്ടി സോളിസിറ്റർ ജനറലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം, പ്രസ്തുത ബിൽ പിൻവലിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. പ്രസ്തുത ബിൽ യാതൊരടിസ്ഥാനത്തിലും പിൻവലിക്കാൻ കഴിയില്ലെന്നും ആയതിനാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം പുനഃപരിശോധിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആഹാരപദാർത്ഥങ്ങളിലെ മായം

27 (*387) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി, പഴം, പാൽ, എണ്ണ തുടങ്ങിയ ആഹാരപദാർത്ഥങ്ങളിലെല്ലാം അപകടകരമായ തോതിൽ മായം ചേർക്കുന്നത് വ്യാപകമായി വരുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ;

(ബി) കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാകുമോ ;

(സി) സംസ്ഥാനത്ത് ആവശ്യത്തിന് ഭക്ഷ്യ ഗുണനിവാര പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശം പാലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചതിൽ പഴം, പാൽ, എണ്ണ എന്നിവയിൽ അപകടകരമായ മായം ചേർക്കൽ വ്യാപകമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ വ്യാപകമായ പരാതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ നിശ്ചിത ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണയുടെ വിൽപ്പന ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ബ്രാൻഡ് വെളിച്ചെണ്ണയുടെ ഉൽപ്പാദനവും വിതരണവും വിൽപ്പനയും സംസ്ഥാനത്ത് ഇതിനകം നിരോധിച്ചിട്ടുണ്ട്.

(ബി) മായം ചേർത്തതോ നിശ്ചിത ഗുണനിലവാരമില്ലാത്തതോ ആയ ഭക്ഷ്യോൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ വിൽപ്പന നടത്തുന്നതായോ കണ്ടെത്തിയാൽ ആയവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം എല്ലാ സർക്കാർ അനലറ്റിക്കൽ ലാബുകൾക്കും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നിയമപരമായ ആവശ്യകതയാണ്. അത്തരത്തിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ നിലവിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകളുടെയും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഇത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ്. നിലവിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്ത് എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ലാബുകൾ തുറക്കുക എന്നത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ്. എന്നാൽ ആയത് സംബന്ധിച്ച് സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെയും മറ്റുപല കോണുകളിൽ നിന്നും ഉണ്ടായിട്ടുള്ള നിർദ്ദേശവുംകൂടി പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതികൂടി കണക്കിലെടുത്തും നിലവിൽ സർക്കാർ ഉടമസ്ഥതയിലോ പൊതുമേഖലയിലോ പ്രവർത്തിക്കുന്ന ഏതാനും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ/എഫ്.എസ്.എസ്.എ.ഐ. നോട്ടിഫൈഡ് ആയ അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29-6-2015 ജി.ഒ.(ആർടി.)നമ്പർ 2013/2015 എന്ന ഉത്തരവിലൂടെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly